ഭരണഭാഷ-മാതൃഭാഷ

എച്ച്.2/29303/2013/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി.05.03.2014.

***സർക്കുലർ***

വിഷയം:- പൊ.വി.-തസ്തിക നിർണ്ണയം-2013-14-സംബന്ധിച്ച്.

സൂചന:- 1) 01.10.2011-ലെ ജി.ഒ.(പി) നമ്പർ 199/2011/പൊ.വി.വ.
2) 29.11.2013-ലെ ജി.ഒ.(പി) നമ്പർ 313/2013/പൊ.വി.വ.
3) 25.2.2014-ലെ സർക്കാർ കത്ത് നമ്പർ.68709/ജെ.2/2013/പൊ.വി.വ.
4) ഈ ഓഫീസിൽ നിന്നുള്ള 26.02.2014-ലെ ഇതേ നമ്പർ കത്ത്.
5) 3.05.2013-ലെ ജി.ഒ.(എം.എസ്) നമ്പർ 154/2013/പൊ.വി.വ.
6) 20.5.2013-ലെ ജി.ഒ.(എം.എസ്) നമ്പർ 172/13/പൊ.വി.വ.

സൂചന രണ്ടിലെ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം 2013-14 വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.കേരള ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്ന സ്കൂളുകൾ ഒഴികെ സംസ്ഥാനത്തെ മറ്റെല്ലാ സ്കൂളുകളിലെയും തസ്തിക നിർണ്ണയം ഉടൻതന്നെ പൂർത്തിയാക്കുന്നതിന് വിദ്യാഭ്യാസ ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ തഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

1) സൂചന രണ്ടിലെ ഉത്തരവിൽ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം 2013-14-വർഷത്തെ തസ്തിക നിർണ്ണയം നടത്തേണ്ടത്.

2) സ്കൂൾ പ്രഥമാദ്ധ്യാപകർ/മാനേജർമാർ സമർപ്പിച്ചിട്ടുള്ള 2013-14 അദ്ധ്യയന വർഷത്തിലെ ആറാം സാധ്യായ ദിനത്തിലെ UID/EID നമ്പർ ലഭിച്ചിട്ടുള്ള കുട്ടികളുടെ എണ്ണത്തിനെ അടിസ്ഥാനമാക്കി 1:45 അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിലാണ് തസ്തികകൾ അനുവദിക്കേണ്ടത്.

3) വ്യക്തിഗത മാനേജ്മെന്റുകളുടെ എയ്ഡഡ് സ്കൂളുകളിൽ 2010-11-വർഷത്തിൽ നിർണ്ണയിച്ച തസ്തികകളിൽ നിയമനാംഗീകാരത്തോടെ തുടരുന്ന അദ്ധ്യാപകർക്ക് 2013-14-ലെ തസ്തിക നിർണ്ണയംമൂലം തസ്തിക നഷ്ടമായാൽ അവരെ നിലനിർത്തുന്നതിനുവേണ്ടി I മുതൽ IV വരെ ക്ലാസ്സുകളിൽ 1:30 അനുപാതവും V മുതൽ X വരെ ക്ലാസ്സുകളിൽ 1:35 അനുപാതവും നോഷണലായി ഉപയോഗിക്കാവുന്നതാണ്. (1:30 അനുപാതം അനുവദിക്കുമ്പോൾ രണ്ടാമത്തെ ഡിവിഷൻ 36-ന്, മൂന്നാമത്തേത് 66-ന് എന്ന ക്രമത്തിലും, 1:35 അനുപാതത്തിൽ രണ്ടാമത്തേത് 41-ന്, മൂന്നാമത്തേത് 76-ന് എന്ന ക്രമത്തിലുമാണ് ക്രമീകരിക്കേണ്ടത്). ഇങ്ങനെ അധികമുള്ള അദ്ധ്യാപകരെ നിലനിർത്തിയതിനു

ശേഷവും ഒഴിവ് നിലനിൽക്കുകയാണെങ്കിൽ പ്രസ്തുത മാനേജുമെന്റിൽ നിന്നുള്ള പ്രൊട്ടക്ടഡ് അദ്ധ്യാപകരെയും റിട്രെഞ്ച്ഡ് അധ്യാപകരെയും (ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായും മറ്റും ജോലി നോക്കുന്നവർ) സീനിയോറിറ്റി ക്രമത്തിൽ തിരികെ വിളിച്ച് പ്രസ്തുത ഒഴിവുകൾ നികത്തേണ്ടതാണ്.

4) നിയമനാംഗീകാരമുള്ള ഭാഷാദ്ധ്യാപകരെ നിലനിർത്തുന്നതിനും 1:30/1:35 അനുപാതത്തിന്റെ ആനുകൂല്യം ഉപയോഗിക്കാവുന്നതാണ്.

5) അവധി ഒഴിവുകളിൽ ജോലിനോക്കുന്ന അധ്യാപകരെ നിലനിർത്തുന്നതിനായി 1:30/1:35 അനുപാതം ഉപയോഗിക്കരുത്. മാത്രവുമല്ല ഈ അനുപാതം പ്രയോജനപ്പെടുത്തി അധിക തസ്തികകൾ സൃഷ്ടിച്ച് നിലവിലുള്ള അദ്ധ്യാപകരെ നിലനിർത്തിയിട്ടുള്ള സ്കൂളുകളിൽ പിന്നീട് പ്രസ്തുത തസ്തികകളിൽ അവധി ഒഴിവിൽ നിയമനം നടത്താനും പാടില്ല. അനുപാതം ഇപ്രകാരം കുറയ്ക്കുന്നതിലൂടെ മറ്റ് അധിക തസ്തികകൾ സൃഷ്ടിക്കുകയോ പുതിയ നിയമനങ്ങൾ നടത്താനുള്ള സാഹചര്യം ഉണ്ടാവുകയോ ചെയ്യരുത്.

6) 2010-11 വർഷം അനുവദിച്ച തസ്തികകളിൽ നിയമനാംഗീകാരത്തോടെ തുടരുന്ന അദ്ധ്യാപകർക്ക് 2013-14 വർഷത്തിൽ അവരുടെ തസ്തികകൾ നഷ്ടപ്പെടാതിരിക്കുന്നതിനാണ് 1:30/1:35 അനുപാതം താത്കാലികമായി അനുവദിച്ചിട്ടുള്ളത്.

7) ഒന്നിലധികം സ്കൂളുകളുള്ള കോർപ്പറേറ്റ് മാനേജ്മെന്റിലെ സ്കൂളുകളെ ഒരു യൂണിറ്റായി കണക്കാക്കി വേണം 1:30/1:35 അനുപാതത്തിന്റെ ആനുകൂല്യം നൽകേണ്ടത്.

8) താഴെപ്പറയും പ്രകാരം വിദ്യാർത്ഥികളുടെ എണ്ണമുള്ള ഗവൺമെന്റ് സ്കൂളുകളിലെ പ്രഥമാദ്ധ്യാപകരെയാണ് ക്ലാസ്സ് ചാർജ്ജിൽ നിന്നു മാറ്റാനും തന്മൂലമുണ്ടാകുന്ന ഒഴിവ് നികത്താനും അനുവദിച്ചിട്ടുള്ളത്.

i) I മുതൽ IV വരെ ക്ലാസ്സുകൾ ഉള്ള എൽ.പി.സ്കൂൾ - 150-ൽ അധികം കുട്ടികൾ

ii) V മുതൽ VII വരെ ക്ലാസ്സുകൾ ഉള്ള യു.പി.സ്കൂൾ – 100 ൽ അധികം കുട്ടികൾ

iii) I മുതൽ VII വരെ ക്ലാസ്സുകൾ ഉള്ള യു.പി.സ്കൂൾ - 250 ൽ അധികം കുട്ടികൾ

ഇവിടെയും കുട്ടികളുടെ എണ്ണം കണക്കാക്കുന്നതിന് ആധാരമാക്കേണ്ടത് ആറാം സാധ്യായ ദിനത്തിലെ UID/EID strength തന്നെയാണ്. ഗവ.സ്കൂളുകളിലെ ഹെഡ്ടീച്ചറെ ക്ലാസ്സ് ചാർജിൽ നിന്നു മാറ്റുന്ന ഒഴിവിൽ മറ്റ് ഗവ.സ്കൂളുകളിൽ 2013-14 വർഷത്തെ തസ്തികനിർണ്ണയം (1:45) മൂലം തസ്തിക നഷ്ടമാകുന്ന അധ്യാപകരെ നിയമിക്കാവുന്നതാണ്. എല്ലാ ജില്ല/ഉപജില്ലകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ സീനിയോറിറ്റി അടിസ്ഥാനത്തിൽ ഈ ക്രമീകരണം പൂർത്തിയാക്കി അദ്ധ്യാപകർക്ക് സ്കൂൾ തുറക്കുന്ന തീയതി

യിൽ തന്നെ പുതിയ വിദ്യാലയങ്ങളിൽ ചുമതല ഏൽക്കാൻ നിർദ്ദേശം നൽകേണ്ടതുമാണ്. ഇപ്രകാരം തസ്തിക നഷ്ടമാകുന്ന അദ്ധ്യാപകർ ഇല്ലെങ്കിൽ പ്രസ്തുത ഒഴിവ് ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ നികത്താവൂ. ഇത്തരം ഒഴിവുകളിൽ പുതിയ നിയമനം നടത്താൻ പാടുള്ളതല്ല.

മേൽ ഖണ്ഡിക 3 ൽ പറയുന്ന ക്രമീകരണങ്ങൾ നടത്തിയതിനുശേഷവും നിയമനാംഗീകാരമുള്ള അദ്ധ്യാപകർ അധികമായി നിൽക്കുന്ന എയ്ഡഡ് സ്കൂളുകളിൽ, അവിടങ്ങളിൽ നിയമനാംഗീകാരമുള്ള ഹെഡ്മാസ്റ്ററും ഖണ്ഡിക 8 (i) മുതൽ 8 (iii) വരെ പറയുന്ന തരത്തിൽ കുട്ടികളുമുണ്ടെങ്കിൽ, പ്രസ്തുത ഹെഡ്ടീച്ചറെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കാവുന്നതും തന്മൂലമുണ്ടാകുന്ന ഒഴിവിൽ അധികമായി നിൽക്കുന്ന അദ്ധ്യാപകരിലെ സീനിയറിനെ നിയമിക്കാവുന്നതുമാണ്. ഇതല്ലാതെ മറ്റ് എയ്ഡഡ് സ്കൂളുകളിൽ ഹെഡ്ടീച്ചറെ ക്ലാസ് ചാർജിൽ നിന്ന് മാറ്റുന്ന ഒഴിവിൽ പുതിയ നിയമനം നടത്താൻ അനുവാദമില്ല.

9) എയ്ഡഡ് സ്കൂളുകളിൽ മേൽപ്പറഞ്ഞ ക്രമീകരണങ്ങളെല്ലാം നടത്തി തസ്തികനിർണ്ണയം പൂർത്തിയാക്കിയതിനുശേഷവും അവിടെ നിയമനാംഗീകാരമുള്ള അദ്ധ്യാപകർ അധികമായി തുടരുന്നുവെങ്കിൽ പ്രസ്തുത അദ്ധ്യാപകരെ ചേർത്ത് ടീച്ചേഴ്സ് ബാങ്ക് രൂപവത്കരിക്കും. അധിക തസ്തികയ്ക്ക് അർഹതയുള്ള സ്കൂളുകളുടെ വിവരം തസ്തിക നിർണ്ണയം കഴിഞ്ഞാലുടൻ തന്നെ എല്ലാ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാരും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും വിദ്യാഭ്യാസ ഉപഡയറക്ടറെ അറിയിക്കേണ്ടതും അദ്ദേഹമത് ക്രോഡീകരിച്ച് 2014 ഏപ്രിൽ 30 നു മുമ്പ് ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതുമാണ്. ഈ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ UID സംബന്ധിച്ച കൃത്യത ഡയറക്ടറേറ്റിൽ നിന്ന് പരിശോധിക്കുന്നതായിരിക്കും.

10) 1:35 അനുപാതത്തിൽ അദ്ധ്യാപകരെ നിലനിർത്തിയിട്ടുള്ള ഹൈസ്കൂളുകളിൽ വിഷയാനുപാതം പാലിക്കുമ്പോൾ ഏതെങ്കിലും തസ്തികയിൽ ഒഴിവ് വരികയാണെങ്കിൽ പ്രസ്തുത ഒഴിവ് അദ്ധ്യാപക ബാങ്കിൽ നിന്നു മാത്രമേ നികത്താവൂ.

11) തസ്തിക നിർണ്ണയം പൂർത്തിയായി അദ്ധ്യാപക ബാങ്ക് രൂപവത്ക്കരിക്കപ്പെട്ടാൽ തുടർന്ന് സ്കൂളുകളിലെ അവധി ഒഴിവിലെ നിയമനങ്ങളെല്ലാം അദ്ധ്യാപക ബാങ്കിൽ നിന്നുള്ള അദ്ധ്യാപകരെ ഉപയോഗിച്ചുമാത്രമേ നികത്താവൂ.

12) ഭാഷാദ്ധ്യാപകർക്കു ഫുൾടൈം ബെനഫിറ്റ് നൽകിയാൽ അവരുടെ സേവനം ആവശ്യമുള്ള സമീപ സ്കൂളുമായി ക്ലബ്ബ് ചെയ്യേണ്ടതാണ്.

13) തസ്തിക നിർണ്ണയ ഉത്തരവിൽ താഴെപ്പറയുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തണം. (റിമാർക്സ് ആയി)

i) 1:30/1:35 അനുപാതത്തിൽ നിലനിർത്തുന്ന അദ്ധ്യാപകരുടെ വിശദാംശങ്ങൾ

ii) സ്കൂളിൽനിന്നു പുനർവിന്യസിക്കപ്പെട്ട അദ്ധ്യാപകരിൽ 1:30/1:35 അനുപാതം ഉപയോഗിച്ച് തിരികെ വിളിക്കപ്പെടുന്നവരുടെ വിശദാംശങ്ങൾ.

iii) തിരികെ വിളിക്കപ്പെടാതെ തുടരുന്ന പ്രൊട്ടക്ടഡ്/റിട്രെഞ്ച്ഡ് അദ്ധ്യാപകരുടെ വിശദാംശങ്ങൾ

iv) ഫുൾടൈം ബെനഫിറ്റ് നൽകി ക്ലബ്ബ് ചെയ്യപ്പെട്ട അദ്ധ്യാപകരുടെ വിശദാംശങ്ങൾ

v) പൂൾ ചെയ്യപ്പെട്ട സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ വിശദാംശങ്ങൾ

vi) ഹെഡ് ടീച്ചറെ ക്ലാസ്സ് ചാർജിൽ നിന്ന് ഒഴിവാക്കി പകരം അദ്ധ്യാപകരെ നിയമിക്കുന്നുണ്ടെങ്കിൽ ആയതു സംബന്ധിച്ച വിവരങ്ങൾ

14) തസ്തിക നിർണ്ണയത്തിന് കണക്കിലെടുക്കുന്ന കുട്ടികളുടെ എണ്ണത്തിലോ, UID/EID രേഖകളിലോ കൃത്രിമങ്ങൾ നടന്നിട്ടുള്ളതായി പിൽക്കാലത്ത് കണ്ടെത്തിയാൽ അതു മൂലം സർക്കാർ ഖജനാവിനുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന്റെ പരിപൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകനും ക്ലാസ്സ്ടീച്ചറിനുമായിരിക്കും. മാത്രമല്ല ഇവരുടെയും അർഹതയില്ലാത്ത തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ മാനേജരുടെയും പേരിൽ കർശനമായ അച്ചടക്ക നടപടികളും സ്വീകരിക്കുന്നതായിരിക്കും.

15) തസ്തിക നിർണ്ണയ ഫയലുകളുടെ പരിശോധന ജില്ലാവിദ്യാഭ്യാസ ഓഫീസർമാരും വിദ്യാഭ്യാസ ഉപഡയറക്ടർമാരും 2014 ഏപ്രിൽ മാസത്തിൽതന്നെ പൂർത്തിയാക്കേണ്ടതാണ്.

പി.ഐ.ഷെയ്ക്ക് പരീത് ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ.

സ്വീകർത്താക്കൾ:-

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.

പകർപ്പ്:

1. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി.@ സ്കൂൾ പ്രോജക്ട്. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി).
2. ഡയറക്ടറേറ്റിലെ ഇ.റ്റി., ഇ.എം., ഇ.സി., എഫ്, ജി, ആർ.എ., എസ്.സി സെക്ഷൻ സൂപ്രണ്ടുമാർക്കും, യൂണിറ്റ് ഓഫീസർമാർക്കും.
3. സൂപ്പർചെക്ക് സെൽ ആഫീസർ. 4. കരുതൽ ഫയൽ.